"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ആലുവ നഗരസഭയിൽ റവന്യൂ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അബ്ദുൾ റഷീദ് പി.എച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1523/2024 നമ്പർ കേസിലെ 03.10.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2148/2024/LSGD തീയതി,തിരുവനന്തപുരം, 10-11-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.09.2024 തീയതിയിലെ LSGO/PD/51235/2023-DEA3 നമ്പർ ഉത്തരവ്.
2. ശ്രീ. അബ്ദുൾ റഷീദ് പി.എച്ച് സർക്കാരിൽ സമർപ്പിച്ച 30.09.2024 തീയതിയിലെ നിവേദനം (അനക്ഷർ എ9)
3. ശ്രീ. അബ്ദുൾ റഷീദ് പി.എച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1523/2024 നമ്പർ കേസിലെ 03.10.2024 തീയതിയിലെ ഉത്തരവ്
4. ശ്രീ. അബ്ദുൾ റഷീദ് പി.എച്ച് ഫയൽ ചെയ്ത CP No 208/2024 നമ്പർ കേസിലെ 28.10.2024 തീയതിയിലെ ഉത്തരവ്
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.11.2024 തീയതിയിലെ LSGD/PD/38469/2024-DEA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവിനെതിരായി ആലുവ നഗരസഭയിൽ റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അബ്ദുൾ റഷീദ് പി.എച്ച്, പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയത്തിൽ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1523/2024 നമ്പർ കേസിലെ 03.10.2024 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അനക്ഷർ എ9 നിവേദനം പരിശോധിച്ച് 2 ആഴ്ച്ചക്കകം ഉത്തരവാകുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. ടി വിഷയത്തിൽ നടപടിക്കായി പരാമർശം 4 പ്രകാരമുള്ള അപേക്ഷകന്റെ CP No 208/2024 കേസ് കോടതി

പരിഗണനയിലാണെന്ന് എ ജി അറിയിച്ചിട്ടുണ്ട് .

2. ശ്രീ.അബ്ദുൾ റഷീദ്.പി.എച്ച്. സമർപ്പിച്ച (അനക്ഷർ എ9) നിവേദനം പ്രകാരം ആലുവ മുനിസിപ്പാലിറ്റിയിൽ റവന്യൂ ഓഫീസർ ഗ്രേഡ്- 2 ആയി ജോലി ചെയ്തു വന്നിരുന്നതും, സർവീസിൽ നിന്നും വിരമിക്കാൻ 8 മാസം മാത്രം ശേഷിക്കുന്നതുമായ (വിരമിക്കുന്ന തീയതി 31/05/2025) തന്നെ പ്രൊമോട്ട് ചെയ്ത് കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി നിയമിച്ചുകൊണ്ട് 29.09.2024 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് എന്നും പ്രസ്തുത പ്രമോഷൻ ലിസ്റ്റിൽ തന്നേക്കാൾ ജൂനിയർമാരായ ജീവനക്കാരെ സമീപജില്ലകളിൽ നിയമിച്ചിട്ടുള്ള അവസരത്തിലാണ് വിരമിക്കാൻ 8 മാസം മാത്രം ശേഷിക്കുന്ന തന്നെ 5 ജില്ലകൾക്ക് അപ്പുറത്ത് ഏകദേശം 300 കി.മീ. ദൂരത്തിൽ കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത് എന്നും ആയത് 28/05/2017 ലെ സ.ഉ.(പി) നം.3/2017/ഉപഭവ. നമ്പർ ഉത്തരവിന് വിരുദ്ധമാണ് എന്നറിയിക്കുന്നു. ആയതിനാൽ മേൽ വസ്തുതകൾ പരിഗണിച്ചും, നിലവിൽ താൻ മുനിസിപ്പൽ കോമൺ സർവീസിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥൻ എന്നതു പരിഗണിച്ചും തന്നേക്കാൾ ജൂനിയറും, സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.8 പ്രകാരമുള്ള ആളെയാണ് കൊച്ചി കോർപ്പറേഷനിൽ നിയമിച്ചിട്ടുള്ളത് എന്ന വസ്തുത പരിഗണിച്ചും എറണാകുളം ജില്ലാ നിവാസിയായ തന്റെ ഹോം സ്റ്റേഷൻ കൊച്ചി കോർപ്പറേഷൻ ആണ് എന്ന വസ്തുത പരിഗണിച്ചുകൊണ്ടും തന്നെ കൊച്ചി കോർപ്പറേഷനിൽ പുനർനിയമനം നടത്തുന്നതിന് അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 റിപ്പോർട്ട് പ്രകാരം 1994 ലെ Kerala Municipality Act പ്രകാരം Municipal service ൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർ സർക്കാർ ജീവനക്കാരായിരുന്നില്ലായെന്നും, അവരെ പ്രത്യേക വിഭാഗമായാണ് കണക്കാക്കിയിരുന്നത് എന്നും അറിയിക്കുന്നു. മുനിസിപ്പൽ ആക്ടിന്റെ ഭേദഗതി നിലവിൽ വന്നതോടെയും ഏകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസ് Special Rule നിലവിൽ വന്നതോടെയും മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് Special Rule ൽ (Kerala Municipal Common Service (Ministerial and revenue branch qualification and method of appointment rules, 2001) ഉൾപ്പെട്ടിരുന്ന Revenue Officer Grade-I/ Personal Assistant to Secretary/ Secretary to Council/Accounts Officer എന്നീ തസ്തികകൾ സെക്രട്ടറി LSGI Category-ൽ വരുന്ന തസ്തികയായി മാറിയിട്ടുണ്ട് എന്നും അറിയിച്ചു .

4. മുനിസിപ്പൽ കോമൺ സർവീസിൽ പ്രസ്തുത തസ്തികയിലേക്ക് ഡിപിസി ചേരുകയോ select list തയ്യാറാക്കുകയോ ചെയ്തിരുന്നില്ലെന്നും Confidential Reports ലഭ്യമല്ലാത്തതാണെന്നുമുള്ള നിരീക്ഷണങ്ങൾ Revenue Officer Grade I/ Personal Assistant to Secretary/ Secretary to Council/ Accounts Officer എന്നീ തസ്തികകളിലേക്ക് പ്രൊമോഷന് പൊതുചട്ടങ്ങൾ പ്രകാരവും വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ടും പരമാവധി മൂന്ന് വർഷ കാലയളവിലേക്ക് (2023 മുതലുള്ള കലണ്ടർ വർഷം) ഡി.പി.സി നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ Revenue Officer Gr-I തസ്തികയിൽ ജോലി ചെയ്തുവരുന്നതും നിലവിൽ ഏകികൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി Local Self Government Institutions(HG) കാറ്റഗറിയിൽ ഉൾപ്പെട്ട് വരുന്ന തസ്തികകളിൽ ജോലി ചെയ്തു വരുന്നതുമായ ജീവനക്കാർക്ക് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ Subordinate service Special Rule-ലെ Rule-12-ൽ

വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം മുൻ മുനിസിപ്പൽ കോമൺ Revenue Officer Grade-1/Personal Assistant to Secretary/Council Secretary/ Accounts Officer സമാനതസ്തികകളിൽ റിട്ടയർമെന്റ്, പ്രൊമോഷൻ എന്നിവ മുഖേനയും സർക്കാർ ഉത്തരവ് പ്രകാരം അധികമായി ലഭിച്ച 6 അക്കൗണ്ട്സ് ഓഫീസമാരുടെ തസ്തികയും ചേർത്തുള്ള ഒഴിവുകളിലേക്ക് ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ടായിരുന്നു എന്നും അറിയിച്ചു .

5. മേൽവിവരിച്ച പ്രകാരം പരിശോധിച്ച് സ്വീകരിച്ച നടപടികൾക്കനുസൃതമായി മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ് II നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി (ഹയർഗ്രേഡ്) തസ്തികയ്ക്ക് തത്തുല്യമായതിനാൽ സുപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചതും അച്ചടക്ക നടപടിയോ വിജിലൻസ് കേസോ നിലവിലില്ലാത്തതുമായ ജീവനക്കാർക്ക് തദ്ദേശ സ്റ്റേറ്റ് സർവ്വീസ് Special Rule പ്രകാരം Revenue Officer Grade-I/ Personal Assistant to Secretary/ Secretary to Council/ Accounts Officer എന്നീ തസ്തികകളിലേക്ക് (സെക്രട്ടറി LSGI കാറ്റഗറിയിലേയ്ക്ക്) ഡി.പി.സി. സെലക്ഷൻ പ്രോസസ്സ് ഒഴിവാക്കി റവന്യൂ ഓഫീസർ ഗ്രേഡ് II തസ്തികയിലെ ഫൈനൽ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ റവന്യൂ ഓഫീസർ ഗ്രേഡ് -1 തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് പ്രകാരമാണ് ശ്രീ.അബ്ദുൾ റഷീദ് പി.എച്ച് ന് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത് . പൊതുസ്ഥലവുമായി ബന്ധപ്പെട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ സ്ഥാനക്കയറ്റം നൽകുന്നതിന് അടിസ്ഥാനമാകുന്നില്ല, സ്ഥാനക്കയറ്റം അനുവദിക്കുമ്പോൾ ഏതെങ്കിലും നിശ്ചിത ജില്ലയോ, സ്റ്റേഷനോ ക്ലെയിം ചെയ്യുന്നതിനോ, ഓപ്ഷനുകൾ നിർദ്ദേശിക്കുന്നതിനോ ജീവനക്കാരന് അവകാശമില്ലാത്തതും ആയത് നിയമനാധികാരിയുടെ വിവേചനാധികാരത്തിൽപ്പെടുന്നതുമാണ് . പഞ്ചയാത് രാജ് നിയമം അടിസ്ഥാനമാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഉചിതമായ ജീവനക്കാർ അനിവാര്യമാകയാലാണ് ടി ജീവനക്കാരനെ കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി നിയമിച്ചുത്തരവായിട്ടുള്ളത് എന്ന വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6.സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ റവന്യൂ ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് പ്രകാരമാണ് ശ്രീ.അബ്ദുൾ റഷീദ് പി.എച്ച് ന് കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി നിയമിച്ചുത്തരവായിട്ടുള്ളത് എന്ന് കാണുന്നു. പൊതുസ്ഥലവുമായി ബന്ധപ്പെട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ സ്ഥാനക്കയറ്റം നൽകുന്നതിന് അടിസ്ഥാനമാകുന്നില്ല. ആയതിനാൽ ശ്രീ.അബ്ദുൾ റഷീദ് പി.എച്ച് -ന്റെ അപേക്ഷയിലെ വാദങ്ങൾ പരിഗണനാർഹമല്ല. എന്നാൽ ടിയാൻ 8 മാസത്തിനുള്ളിൽ (31/05/2025ൽ) സർവീസിൽ നിന്നും വിരമിക്കുന്നതാണ് എന്ന വസ്തുത പരിഗണിച്ച് ടിയാന് എറണാകുളം ജില്ലയിലോ സമീപജില്ലകളിലോ ഒഴിവുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടിയാന്റെ അനക്ഷർ എ9 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ഒ.എ. 1523/2024 നമ്പർ കേസിലെ ബഹു.ട്രിബ്യൂണലിന്റെ 03.10.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ.അബ്ദുൾ റഷീദ് പി.എച്ച്, റവന്യൂ ഓഫീസർ ഗ്രേഡ് 2, ആലുവ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 10-11-2024 21:17:23
സെക്ഷൻ ഓഫീസർ